# പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 4865 — 27-6-2014-ൽ മറുപടിക്ക്

### മരവ്യവസായ യൂണിറ്റുകൾക്കുള്ള പഞ്ചായത്തനുമതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ.അജിത് : | ഡോ.എം.കെ.മുനീർ (പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി) |
| (എ) സംസ്ഥാനത്ത് മരവ്യവസായ യൂണിറ്റുകൾ ആരംഭിക്കുന്നതിന് പഞ്ചായത്തിന്റെ അനുമതി ആവശ്യമുണ്ടോ ; | (എ) ഉണ്ട്. |
| (ബി) മരവ്യവസായ യൂണിറ്റുകൾക്ക് പഞ്ചായത്തിന്റെ അനുമതി ആവശ്യമാണെങ്കിൽ ഏതെല്ലാം ഏജൻസികളുടെ അനുമതികൾക്ക് ശേഷമാണ് പഞ്ചായത്ത് അനുമതി നൽകുന്നതെന്ന് വ്യക്തമാക്കുമോ ? | (ബി) 1994-ലെ കേരള പഞ്ചായത്ത് രാജ് വകുപ്പ് 232, 234 പ്രകാരം വ്യവസായ വകുപ്പ്, ജില്ലാ മെഡിക്കൽ ആഫീസർ, ഡിവിഷണൽ ഫയർ ആഫീസർ, കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് ഇവയുടെ നിരാക്ഷേപപത്രങ്ങൾ ഇവ ലൈസൻസിനുള്ള അപേക്ഷയോടൊപ്പം ഗ്രാമപഞ്ചായത്തിൽ ഹാജരാക്കേണ്ടതുണ്ട്.<br>കൂടാതെ സർക്കാരിന്റെ 19-4-2012-ലെ G.O.(P) No. 51/2012/F&WLD ഉത്തരവ് പ്രകാരം മരാധിഷ്ഠിത വ്യവസായങ്ങൾക്ക് വനം വകുപ്പിന്റെ ലൈസൻസ് കൂടി നൽകേണ്ടതുണ്ട്. |

സെക്ഷൻ ഓഫീസർ